(ഡി) കേരള സർക്കാരിന്റെ State Skill Development Mission (SSDM) ആയാണ് കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) പ്രവർത്തിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ Ministry of Skill Development & Entrepreneurship-ന്റെ സ്കിൽ വികസന പ്രവർത്തനങ്ങൾ ആണ് KASE മാതൃകയാക്കിയിട്ടുള്ളത്. പരിശീലനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സ്വകാര്യ സ്ഥാപനങ്ങളാണ് തൊഴിലവസരങ്ങൾ കൂടുതലും നൽകുന്നത്. അതിനാലാണ് സ്വകാര്യ സ്ഥാപനങ്ങളുമായി പി.പി.പി. മാതൃകയിൽ KASE പ്രവർത്തിക്കുന്നത്.

(ഇ) തൊഴിൽദാതാവിന്റെ ആവശ്യകത അനുസരിച്ചും അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്കിൽ ആവശ്യകതയ്ക്ക് അനുസൃതവുമായാണ് KASE-ന്റെ പരിശീലന പരിപാടികൾ വിഭാവന ചെയ്തിട്ടുള്ളത്. എന്നാൽ മാത്രമേ പരിശീലനം കഴിഞ്ഞിറങ്ങുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള അവസരങ്ങൾ ഉണ്ടാവുകയുള്ളൂ. നിലവിലുള്ള ഐ.ടി.ഐ.കൾ, പോളിടെക്നിക്കുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ എന്നിവ വ്യവസായ ശാലകളുടെ ആവശ്യകതയ്ക്ക് അനുസരിച്ചുള്ള തൊഴിൽ നൈപുണ്യം ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഇത്തരം സ്ഥാപനങ്ങളുടെ പ്രസക്തി വർദ്ധിപ്പിയ്ക്കുന്നതാണ്.

വിദഗ്ധ ചികിത്സാ സൗകര്യം

6 (*216) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. സാജു പോൾ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന അർബുദ രോഗബാധിതരുടെ എണ്ണത്തിനനുസരിച്ച് വിദഗ്ധ ചികിത്സാ സൗകര്യം ഒരുക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ ;

(ബി) തിരുവനന്തപുരം ആർ.സി.സി.-ക്ക് വകയിരുത്തിയ ഫണ്ട് യഥാസമയം വിനിയോഗിച്ചിട്ടുണ്ടോ; തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളെ ക്യാൻസർ ടെറിഷ്യറി കെയർ സ്ഥാപനങ്ങളാക്കി മാറ്റുമെന്ന പ്രഖ്യാപനവും, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലാ ആശുപത്രികളിൽ ക്യാൻസർ കെയർ സെന്ററുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനവും നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ നടപ്പാക്കുമെന്ന് വ്യക്തമാക്കാമോ;

GPM. 2/236/2020-6

LIBRARY ARCHIVES Kerala Legislative Assembly

(സി) 2012-13 മുതലുള്ള ബഡ്ജറ്റുകളിൽ വാഗ്ദാനം ചെയ്ത കൊച്ചിയിലെ ക്യാൻസർ സെന്ററിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ ; അതിനായി സർക്കാർ എത്ര തുക ചെലവഴിച്ചു ; മനുഷ്യാവകാശ കമ്മീഷൻ ഇടപെട്ടിട്ടുപോലും പ്രസ്തുത സ്ഥാപനം യാഥാർത്ഥ്യമാക്കാനാവാതെ പോയതെന്തുകൊണ്ടാണ്;

(ഡി) തലശ്ശേരിയിലെ മലബാർ ക്യാൻസർ സെന്ററിനായി പദ്ധതി ഇനത്തിൽ വകയിരുത്തിയ തുകയിൽ ചെലവഴിച്ചതും ശേഷിക്കുന്നതുമായ തുക എത്ര; വകയിരുത്തിയ തുകയിൽ മൂന്നിലൊന്നു മാത്രം ചെലവഴിക്കാനിടയായത് എന്തുകൊണ്ട്; വ്യക്തമാക്കാമോ.?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): (എ) സംസ്ഥാനത്ത് അർബുദരോഗചികിത്സയ്ക്ക് വിദഗ്ധ ചികിത്സാ സംവിധാനങ്ങൾ നിലവിലുണ്ട്. തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ, തലശ്ശേരി മലബാർ സെന്റർ എന്നിവ അത്യന്താധുനിക ചികിത്സാ സൗകര്യം ലഭ്യമാക്കുന്ന ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടുകളാണ്. കൂടാതെ തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിലും ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ടെറിഷ്യറി ക്യാൻസർ കെയർ സെന്റർ കേന്ദ്ര സഹായത്തോടെ ആരംഭിക്കാനുള്ള നടപടി പുരോഗമിച്ചുവരുന്നു. എറണാകുളം ജില്ലാ ആശുപത്രിയിലും ക്യാൻസർ ചികിത്സാ സൗകര്യം ലഭ്യമാണ്. സംസ്ഥാന ആരോഗ്യവകുപ്പ് ആരംഭിച്ച ജില്ലാ ക്യാൻസർ കെയർ പദ്ധതി പ്രകാരം എല്ലാ ജില്ലയിലെയും ഒരു പ്രധാന ആശുപത്രിയിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) നടപ്പു സാമ്പത്തിക വർഷം ആർ.സി.സി.-ക്ക് പദ്ധതി-പദ്ധതിയേതര ഇനത്തിൽ വകയിരുത്തിയ ഫണ്ട് മുഴുവനായും വിനിയോഗിച്ചിട്ടില്ല.

പദ്ധതിയേതര ഇനത്തിൽ അനുവദിച്ച 4529.74 ലക്ഷം രൂപയിൽ 3020 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. പദ്ധതിയിനത്തിൽ അനുവദിച്ച 3850 ലക്ഷം രൂപയിൽ 101 ലക്ഷം രൂപ ചെലവഴിച്ചു. മുഴുവൻ തുകയും ഈ സാമ്പത്തികവർഷം തന്നെ ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

പദ്ധതിയിനത്തിൽ അനുവദിച്ച തുക പണി പൂർത്തിയാകാറായിരിക്കുന്ന കെട്ടിടത്തിൽ സ്ഥാപിക്കുന്നതിനുള്ള ചികിത്സാ ഉപകരണങ്ങൾക്കുകൂടി വേണ്ടിയുള്ളതാണ്. കെട്ടിടം പണി പൂർത്തിയാകാത്തതിനാലാണ് ഫണ്ട് പൂർണ്ണമായും വിനിയോഗിക്കാൻ കഴിയാതെ പോയത്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ആരോഗ്യവകുപ്പ് ആരംഭിച്ച് ജില്ലാ ക്യാൻസർ കെയർ പദ്ധതി പ്രകാരം എല്ലാ ജില്ലയിലെയും ഒരു പ്രധാന ആശുപത്രിയിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലാ ആശുപത്രികളിൽ പരിശീലനം സിദ്ധിച്ച ഡോക്ടർമാരുടെ സഹായത്തോടുകൂടി ക്യാൻസർ ചികിത്സാ കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. ഇതിൽ ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് ജില്ലകൾക്ക് കേന്ദ്രാവിഷ്കരണ പദ്ധതിയായ NPCDCS-ന്റെ സാമ്പത്തിക സഹായവും ലഭിച്ചിട്ടുണ്ട്. ഇതിൽ ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ ക്യാൻസർ നിർണ്ണയവും ചികിത്സയും നടന്നുവരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ ടെറിഷറി ക്യാൻസർ കെയർ സെന്റർ കേന്ദ്ര സഹായത്തോടെ ആരംഭിക്കാനുള്ള നടപടി പുരോഗമിച്ചു വരുന്നു. കേന്ദ്ര സഹായം ലഭിക്കുന്ന മുറയ്ക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജിലും ടെറിഷ്യറി ക്യാൻസർ കെയർ സെന്റർ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സി) കേരള സർക്കാരിന്റെ നിയന്ത്രണത്തിൽ കൊച്ചിയിൽ ഒരു ക്യാൻസർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KC&RC) സ്ഥാപിക്കാൻ സർക്കാർ നയപരമായി തീരുമാനമെടുക്കുകയും അതിൻപ്രകാരം 3-2-2014-ൽ പ്രസ്തുത സെന്റർ സ്ഥാപിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ പ്രാഥമിക ഉത്തരവ് നൽകുകയും ചെയ്തു. അതനുസരിച്ച് 300 കിടക്കകളോടുകൂടിയ ക്യാൻസർ ആശുപത്രിയും റിസർച്ച് സെന്ററും പ്രവർത്തനസജ്ജമാകുവാൻ താമസം നേരിടുമെന്നതിനാലും അടിയന്തരമായി ഒരു ക്യാൻസർ ആശുപത്രി വേണമെന്ന എറണാകുളത്തെ ജനതയുടെ ആവശ്യം പരിഗണിച്ചും പ്രസ്തുത പ്രോജക്ട് തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന്റെ കാര്യത്തിലെന്നപോലെ ഘട്ടംഘട്ടമായി നടപ്പിലാക്കുവാൻ 2015-ൽ തീരുമാനിക്കുകയുണ്ടായി. 4-9-15-ലെ ജി.ഒ. (എം.എസ്)192/2015/ ആ.ക.വ പ്രകാരം ഒന്നാംഘട്ടമായി OP ഡിപ്പാർട്ടുമെന്റും രണ്ടാം ഘട്ടത്തിൽ 150 കിടക്കകളോടുകൂടിയ ആശുപത്രിയും മൂന്നാം ഘട്ടത്തിൽ വീണ്ടും 150 കിടക്കകളോടുകൂടിയ ആശുപത്രിയും റിസർച്ച് സെന്ററും സ്ഥാപിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

പ്രാഥമിക ഘട്ടം എന്ന നിലയിൽ എറണാകുളം മെഡിക്കൽ കോളേജിന്റെ പേവാർഡ് ബ്ലോക്കിനോട് ചേർന്ന സെൻട്രൽ ബ്ലോക്ക് കെട്ടിടം OP ഡിപ്പാർട്ട്മെന്റ് തുടങ്ങുന്നതിനായി കൊച്ചി ക്യാൻസർ & റിസർച്ച് സെന്ററിന് (KC&RC) വിട്ടുനൽകുകയും നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി PWD-യെ ചുമതലപ്പെടുത്തുകയും ചെയ്തു. കൊച്ചി ക്യാൻസർ &റിസർച്ച് സെന്ററിന്റെ (KC&RC) പ്രാഥമിക ചെലവുകൾക്കായി 10 കോടി രൂപ അനുവദിക്കുകയും മാറ്റുന്നതിന് 22-1-2016-ലെ ജി.ഒ.(ആർ.റ്റി.)നം.229/2016/ ആ.കു.വ.പ്രകാരം അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 27-1-2016-ലെ ജി.ഒ.(ആർ.റ്റി.)നമ്പർ 289/2016/ആ.കു.വ. പ്രകാരം ഒരു കോടി മുപ്പതിനായിരം രൂപയ്ക്ക് ഉപകരണങ്ങൾ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ വഴി വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 19-1-2016-ൽ ചേർന്ന കൊച്ചി ക്യാൻസർ & റിസർച്ച് സെന്റർ സൊസൈറ്റിയുടെ (KC&RC) ഭരണസമിതിയോഗം ഒ.പി. ഡിപ്പാർട്ട്മെന്റ് അടിയന്തരമായി തുടങ്ങുന്നതിന് സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റീജിയണൽ ക്യാൻസർ സെന്റർ (RCC) ആയാലും മറ്റ് മേജർ ആശുപത്രികളായാലും ഘട്ടംഘട്ടമായുള്ള പ്രവർത്തനങ്ങളിലൂടെയാണ് ഇന്നത്തെ നിലയിൽ പൂർണ്ണമായ തോതിൽ പ്രവർത്തന സജ്ജമായിട്ടുള്ളത്. ആ രീതിയിൽ ഘട്ടംഘട്ടമായി മാത്രമേ കൊച്ചി ക്യാൻസർ & റിസർച്ച് സെന്ററും (KCRC) പൂർണ്ണതോതിലുള്ള ഒരു ക്യാൻസർ സെന്ററായി ഉയർത്താൻ സാധിക്കുകയുള്ളൂ.

(ഡി) തുക സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* മലബാർ ക്യാൻസർ സെന്റർ വിനിയോഗിക്കാത്ത ഫണ്ടിൽ ഭൂരിഭാഗവും നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ളതാണ്. ന്യൂക്ലിയർ മെഡിസിൻ കെട്ടിട നിർമ്മാണം, നഴ്സിംഗ് കോളേജ് കെട്ടിട നിർമ്മാണം, രണ്ടാമത് ലിനാക് വാങ്ങുന്നതിലേക്കും സ്ഥാപിക്കാനുള്ള കെട്ടിട നിർമ്മാണത്തിനും വകയിരുത്തിയ തുക ചെലവാകാത്തതാണ് ചെലവു കുറയുന്നതായി കാണുന്നത്. കെട്ടിട നിർമ്മാണ പ്രവൃത്തികൾ എച്ച്.എൽ.എൽ-നെ ഏൽപ്പിച്ചിരുന്നെങ്കിലും അവർ കൃത്യമായി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്തതിനാൽ എച്ച്.എൽ.എൽ-മായുള്ള കരാർ റദ്ദാക്കുകയും നിർമ്മാണ പ്രവൃത്തികൾക്കുള്ള കരാർ കോഴിക്കോട് ഊരാളുങ്കൽ ലേബർ കോർപ്പറേഷനെ ഏൽപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഈ കാലതാമസം കൊണ്ടാണ് തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly